**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6380** **10-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാതീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാതീരം പദ്ധതി പ്രകാരം മുൻ സർക്കാരും നിലവിലെ സർക്കാരും എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | വിദ്യാതീരം പദ്ധതി പ്രകാരം മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻഐടി/ ഐഐടി എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് പരിശീലനം, ബാങ്ക് ടെസ്റ്റ് പരിശീലനം, പി.എസ്.സി പരിശീലനം, രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യതൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി എന്നിവയിൽ ധനസഹായം ലഭിച്ചവരുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.<br><br>വിദ്യാതീരം പദ്ധതിയിൽ ജി.ആർ.എഫ്.ടി. എച്ച്.എസ്.-കളുടെ പ്രവർത്തനത്തിനായി OPERATIONAL EXPENCES എന്ന ഇനത്തിൽ 2021-22 വർഷത്തിൽ 589 കുട്ടികൾക്കും 2022-23 വർഷത്തിൽ 661 കുട്ടികൾക്കും 2023-24 വർഷത്തിൽ 690 കുട്ടികൾക്കും ഭക്ഷണം താമസം ഉൾപ്പെടെ എല്ലാ സഹായവും നൽകിയിട്ടുണ്ട് .<br><br>കൂടാതെ ഒരു ക്ലാസ്സിൽ പരമാവധി 100 വിദ്യാർഥികളെ ഉൾപ്പെടുത്തി 10 കരിയർ ഗൈഡൻസ് ക്ലാസുകൾ ഓരോ വർഷവും ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ആ ഇനത്തിൽ ഓരോ വർഷവും 1000 വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നുണ്ട്.<br><br>മത്സ്യതൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 10 ജി.ആർ.എഫ്.ടി.എച്ച്.എസ്.-കൾ ഉൾപ്പെടെ 14 തീരദേശ സ്കൂളുകളിലെ തെരഞ്ഞെടുത്ത 420 വിദ്യാർഥികൾക്ക് കായിക പരിശീലനം, സ്പോർട്സ് കിറ്റ് വിതരണം എന്നിവ നടത്തിയിരുന്നു.<br><br>കൂടാതെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം ചുവടെ പറയും പ്രകാരം എണ്ണം കുട്ടികൾക്ക് നൽകിയിട്ടുണ്ട്. |

| വർഷം | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|

| | | | | | |
|---|---|---|---|---|---|
| | | | | 2017-18 | 5147 |
| | | | | 2018-19 | 4806 |
| | | | | 2019-20 | 9699 |
| | | | | 2020-21 | 6316 |
| | | | | 2021-22 | 4436 |
| | | | | 2022-23 | 6159 |
| | | | | 2023-24 | 4720 |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വിദ്യാതീരം പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവരുടെ വർഷം തിരിച്ചുള്ള കണക്ക്

| വർഷം | പി.എസ്.സി | മെഡിക്കൽ എൻട്രൻസ് | ബാങ്ക് കോച്ചിംഗ് | സിവിൽ സർവ്വീസ് | എൻഐടി/ ഐഐടി | ദത്തെടുക്കൽ |
|---|---|---|---|---|---|---|
| 2015 16 | --- | 47 | --- | --- | --- | --- |
| 2016 17 | 17 | 33 | 1 | 75 | --- | --- |
| 2017-18 | 21 | 50 | 10 | 68 | --- | 10 |
| 2018 19 | 18 | 56 | 10 | 55 | --- | 11 |
| 2019 20 | 20 | 84 | 12 | 49 | --- | 13 |
| 2020 21 | --- | 61 | 1 | --- | --- | 15 |
| 2021 22 | --- | 90 | 7 | --- | --- | 13 |
| 2022 23 | --- | 112 | --- | 5 | 5 | 12 |
| 2023-24 | --- | 103 | --- | 11 | 8 | 17 |
| **ആകെ** | **76** | **636** | **41** | **263** | **13** | **91** |

**സെക്ഷൻ ഓഫീസർ**